**വള്ളംകളിക്ക് ആവേശവുമായി സച്ചിനെത്തി**

ആലപ്പുഴ: നെഹ്റു ട്രോഫി വള്ളംകളിയിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കർ ആലപ്പുഴയിലെത്തി. ആലപ്പുഴ ലേക്ക് പാലസ് ഹോട്ടലിൽ രാത്രി 10.51നാണ് അദ്ദേഹം എത്തിയത്.

നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്ന് കാർ മാർഗം എത്തിയ അദ്ദേഹത്തെ കൗൺസിലർ പ്രേം, ധനമന്ത്രിയുടെ സെക്രട്ടറിമാരായ ശ്രീജിത്ത്, അരുൺകുമാർ എന്നിവർ അനുഗമിച്ചു.

ഇന്ന് (ഓഗസ്റ്റ് 31) രാവിലെ ജില്ല കളക്ടർ ഡോ.അദീല അബ്ദുള്ള, സബ് കളക്ടർ വി.ആർ.കൃഷ്ണതേജ എന്നിവർ സച്ചിനെ സന്ദർശിക്കും.